**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് -2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1(ബി)(സി)(ഡി) പ്രകാരം തടസ്സപ്പെട്ടുത്തിയ 16,837/-രൂപയുടെ ചെലവിനും 2010-11, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെട്ടുത്തിയ 2,48,751/-രൂപയുടെ ചെലവിനും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2216/2016/തസ്വഭവ. തിരുവനന്തപുരം,തീയതി:22/07/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 13/11/2014 ലെ എം3-41255/14-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20/04/2015-ലെ എൽ.എഫ് .20402/പിറ്റി1/2014-ാം നമ്പർ കത്ത് .

## ഉത്തരവ്

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2004-2005 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 (ബി), ( സി )( ഡി ) എന്നിവ പ്രകാരം വിവിധ കുടിവെള്ളപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പമ്പ് ഓപ്പറേറ്റർക്ക് ഓണറേറിയം നൽകുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിച്ച 16,837/-( പതിനാറായിരത്തി എണ്ണൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം ) രൂപ ആഡിറ്റ് തടസ്സപ്പെട്ടുത്തിയിരുന്നു. 2010-2011, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 പ്രകാരം പഞ്ചായത്തിന്റെ ഘടകസ്ഥാപനമല്ലാത്ത നസ്രത്ത് ഹിൽ പി . എച്ച് . സി എന്ന സ്ഥാപനത്തിന്റെ നവീകരണത്തിനായി ചെലവഴിച്ച 2,48,751/-(രണ്ടുലക്ഷത്തി നാൽപത്തിയെട്ടായിരത്തി എഴുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം ) രൂപ ആഡിറ്റ് തടസ്സപ്പെട്ടുത്തിയിരുന്നു.

പ്രസ്തുത വിഷയങ്ങളിൽ സർക്കാർ സാധൂകരണത്തിനായി കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05/07/2014 ലെ VIII(21)- ാം നമ്പർ തീരുമാനം, 12/08/2011- ലെ II(3) - ാം നമ്പർ തീരുമാനം , ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം പഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഖണ്ഡിക 3-1( എ ),( ബി ),( സി ), ഖണ്ഡിക 3-11 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ തുകകൾക്ക് പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടേയും ശുപാർശയുടെയും അടിസ്ഥാനത്തിൽ സാധൂകരണം നല്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയത്തിൽ പഞ്ചായത്ത് ചെലവുചെയ്തതിനാലാണ് ഖണ്ഡിക 3-11 പ്രകാരം ആഡിറ്റ് തടസ്സം ഉണ്ടായിട്ടുള്ളത് . പഞ്ചായത്തിലെ നിർദ്ധരായ കോളനീവാസികളുടെ ആരോഗ്യം , കുടിവെള്ളം തുടങ്ങിയ അടിസ്ഥാനആവശ്യങ്ങൾക്കായി ചെയ്ത ചെലവ് എന്ന നിലയ്ക്ക് പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടേയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2010-2011,2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 2,48,751/-( രണ്ടുലക്ഷത്തി നാൽപത്തി എട്ടായിരത്തി എഴുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം ) രൂപയും 2004-2005 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1( എ ),( ബി ),( സി ) എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 16,837/- ( പതിനാറായിരത്തി എണ്ണൂറ്റിമുപ്പത്തി ഏഴ് രൂപ ) രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയംജില്ല
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ